പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3255 23.03.2015 - ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

## സമൂഹത്തിലെ ദുർബ്ബലർക്ക് സാമൂഹികക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സമൂഹത്തിലെ ദുർബ്ബലർ, അശരണർ, ശാരീരികമായും മാനസികമായും വെല്ലുവിളിനേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹികക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; | (എ) | സമൂഹത്തിലെ ദുർബലർ, അശരണർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.<br>**(1) <u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്</u>**<br>1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര മുയർത്തൽ.<br>2. വൈകല്യം മുൻകൂർ കണ്ടെത്തുന്ന തിനും, തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം.<br>3. എന്റെ കൂട് പദ്ധതി<br>4.ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം<br>5. കെ.എസ്.വൈ.<br>6.കുട്ടികൾക്ക് വേണ്ടിയുള്ള പോഷ കാഹാര പദ്ധതി.<br>7.കൗമാര പ്രായത്തിലുള്ള പെൺ കുട്ടികൾക്ക് സാമൂഹ്യ മന:ശാസ്ത്ര സേവനം.<br>8. സമഗ്ര ശിശു സംരക്ഷണ പദ്ധതി. |

9.കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാസ്ത്രീകരണ ത്തിനുള്ള രാജീവ് ഗാന്ധി സഹയോഗ് യോജന.

10. വനിതാ വികസന പദ്ധതി.

11. ജെൻഡർ പാർക്ക്

12. ജെൻഡർ അഡ്വൈസറി ബോർഡ്

13. IGMSY

14. ആഫ്റ്റർ കെയർ പ്രോഗ്രാമിനുള്ള സഹായം

**15.** പാർശ്വവൽക്കരിക്കപ്പെടുന്ന വർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ.

<u>ആനുകൂല്യങ്ങൾ നൽകിവരുന്ന പദ്ധതികൾ</u>

1.ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗർക്ക് ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം.

2.വികലാംഗരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം

3.വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം

4.പെൺമക്കളുടെ വിവാഹത്തിനായി വികലാംഗരായ മാതാപിതാക്കൾക്ക് വിവാഹധനസഹായം

5.മിശ്രവിവാഹം ചെയ്തതുമൂലം സാമ്പത്തിക ദുരിതം അനുഭവിക്കുന്ന ദമ്പതിമാർക്ക് വിവാഹധനസഹായം.

(2012-13, 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അഭാവംമൂലംധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.)

**(2) കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ**

സ്ത്രീകൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) <u>സ്നേഹസ്പർശം പദ്ധതി</u>

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാ കുന്നവർക്ക് ദൈനംദിന ജീവിതത്തിന്

| | | | |
|---|---|---|---|
| | | | ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്നേഹസ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന 'സ്നേഹസ്പർശം' പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകി വരുന്നു.<br>(2) <u>പ്രത്യാശ വിവാഹധനസഹായ പദ്ധതി</u>:<br>പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി യാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ച് കഴിഞ്ഞതിനാൽ പദ്ധതി നിലവിലില്ല. പുതിയ പ്രായോജകരെ കണ്ടെത്തുന്ന മുറക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.<br>**കുട്ടികൾക്കായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു**<br>**(1) <u>ക്യാൻസർ സുരക്ഷാ പദ്ധതി</u>**<br>ദീർഘകാല ചികിത്സ ആവശ്യമായ കുഞ്ഞുങ്ങളിലെ ക്യാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും യഥാസമയം നൽകിയാൽ പൂർണ്ണമായും സുഖപ്പെടുത്താവുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്ന തിന്റെ അടിസ്ഥാനത്തിൽ 18 വയസ്സുവരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ അനുവദിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ക്യാൻസർ സുരക്ഷാ പദ്ധതി'.<br>**(2) <u>താലോലം പദ്ധതി</u>**<br>ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്നവരുടെ ചികിത്സ ചെലവ് വളരെയധികമാണ്. ഇത്തരം രോഗബാധിതരായ കുട്ടികൾക്ക് പ്രാരംഭത്തിൽ തന്നെ ചികിത്സയും പരിചരണവും നൽകിയാൽ പൂർണ്ണമായും രോഗ വിമുക്തിനേടാനാകും. ഇത്തരം രോഗങ്ങളിൽ നിന്ന് 18 വയസ്സിനു താഴെയുള്ള കുട്ടികളെ മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പദ്ധതിയാണ് താലോലം. ഈ പദ്ധതി ആനുകൂല്യം സംസ്ഥാനത്തെ തെരഞ്ഞെടു ക്കപ്പെട്ട 17 ആശുപത്രികളിലൂടെ ലഭിക്കുന്നതാണ്. ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ ഈ പദ്ധതിയിൽ പൂർണ്ണമായും |

സൗജന്യമായി ലഭ്യമാണ്. പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാ സഹായം പദ്ധതിയിലൂടെ ലഭ്യമാണ്.

(3) **കാരുണ്യ ഡെപ്പോസിറ്റ് സ്കീം:**

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിയ്ക്ക് ഒരു വർഷത്തിനുശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും ടി തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് നൽകുന്ന പദ്ധതിയാണിത്. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

(4) **സ്നേഹപൂർവ്വം പദ്ധതി :**

മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോവുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അനാഥാലയങ്ങളിൽ തള്ളപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരം കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ഇവർക്ക് പ്രതിമാസ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി വരുന്നു. 1 മുതൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭ്യമാണ്. പ്രതിമാസ ധനസഹായം ചുവടെ പറയും പ്രകാരം അനുവദിച്ചുവരുന്നു.

| | |
|---|---|
| 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ | 300/- |
| 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ | 500/- |
| +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർ | 750/- |
| ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർ | 1000/- |

(5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ 300/- രൂപ അനുവദിക്കുന്നതാണ്.)

(5) **ശ്രുതിതരംഗം പദ്ധതി :**

5 വയസ്സിന് താഴെയുള്ള ബധിതരായ കുട്ടികൾക്കും കോക്ലിയാർ ഇംപ്ലാന്റേഷനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനും നടത്തി കേൾവി ശക്തിയും സംസാരശേഷിയും വീണ്ടെടുക്കുന്ന ആധുനിക ചികിത്സാരീതിയാണിത്. രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നതാണ്. ഒരു ഇംപ്ലാന്റിന്റെ വില 4.6 ലക്ഷം രൂപയാണ്.

(6) **<u>എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം</u>**

എൻഡോസൾഫാൻ ദുരിതബാധിതരുടെ 1 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യായന വർഷത്തിൽ ചുവടെ പറയുന്ന നിരക്കിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് വരുന്നു.

| | |
|---|---|
| 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ | 2000/- |
| 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ | 3000/- |
| +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർ | 4000/- |

**IIIദുർബലർ, അശരണർ എന്നിവർക്കായുള്ള പദ്ധതികൾ**

1. <u>ആശ്വാസകിരണം പദ്ധതി</u>: ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ള മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും ഗുരുതര രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതിയാണ്. നിലവിൽ പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായമായി പരിചാരകർക്ക് നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | 2. <u>സ്നേഹസാന്ത്വനം പദ്ധതി:</u><br><br>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4516 പേർക്ക് പ്രതിമാസം പെൻഷൻ നൽകിവരുന്നു. ദീർഘകാല ചികിത്സ വേണ്ടി വരുന്നവരും രോഗാവസ്ഥയിലുള്ളവരും തൊഴിൽ എടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപ വീതവും പ്രതിമാസ ധനസഹായം നൽകി വരുന്നു. സ്നേഹസാന്ത്വനം പദ്ധതിയിലൂടെ പ്രതിമാസം 65 ലക്ഷത്തോളം രൂപ സുരക്ഷാ മിഷൻ നൽകുന്നു.<br><br>3. <u>സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി:</u><br><br>എൻഡോസൾഫാൻ ദുരിതബാധിതരായ കിടപ്പിലായവരെയും കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകിവരുന്നു.<br><br>4. <u>സമാശ്വാസം:</u><br><br>വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br>വൃക്ക/കരൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേയരാകുന്ന, ഒരു ലക്ഷം വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ശസ്ത്രക്രീയ കഴിഞ്ഞ് 5 വർഷം വരെ ധനസഹായം നൽകി വരുന്നു. |

ഹീമോഫീലിയയും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

**IV അംഗപരിമിതർക്കായുള്ള പദ്ധതികൾ**

1.വൈകല്യ നിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തൽസമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി

സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തൽസമയം ടി രേഖകൾ നൽകി വരുന്നു.

**V വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ**

1. വയോമിത്രം പദ്ധതി :

നഗരപ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യമരുന്ന്, കൗൺസിലിംഗ് സേവനം എന്നിവ നൽകി വയോജനങ്ങൾക്ക് ആശ്വാസം പകരുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച വയോമിത്രം പദ്ധതി നിലവിൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ പ്രദേശത്തും 27 മുനിസിപ്പൽ പ്രദേശത്തും നടപ്പിലാക്കി വരുന്നു.

**VI ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതി**

1. സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്: സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ് വൈകല്യമുള്ള എല്ലാ വിഭാഗത്തിലുമുള്ളവർക്കുമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെ എല്ലാ വൈകല്യങ്ങളും തടയുന്നതിനായി കുഞ്ഞുങ്ങൾക്ക് എം.എം.ആർ. ഉം

കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനേഷനും വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(3) **<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ</u>**

1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം

2. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി.

4. അംഗവൈകല്യമുള്ളവർക്കു പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.

5. നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയം തൊഴിൽ വായ്പയും അതിനുള്ള വികലാംഗ ക്ഷേമ കോർപ്പറേന്റെ വിഹിതവും

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പ സബ്സിഡി.

(4) **<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>**

1.സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ സൗകര്യം.

2.അഭ്യസ്തവിദ്യരായ വനിതകളെ ജോലി നേടുവാൻ പ്രാപ്തരാക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ് (റീച്ച്)

| | | | |
|---|---|---|---|
| (ബി) | ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത് ; അപേക്ഷയുടെ മാതൃക വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ; | (ബി) | **(1) <u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്</u>**<br>ആനുകൂല്യം നൽകി വരുന്ന പദ്ധതികൾ ലഭ്യമാക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ തയ്യാറാക്കിയിട്ടുള്ള ഫാറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ മാതൃക അനുബന്ധം ഒന്നായി ചേർക്കുന്നു)<br><br>**(2) <u>കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ</u>**<br>1. വികലാംഗ തിരിച്ചറിയൽ കാർഡ്: നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാമിഷനിൽ സമർപ്പിക്കുക.<br>2. സമാശ്വാസം: ഹീമോഫീലിയ രോഗികൾക്കായുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ നേരിട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.<br>3. ആശ്വാസകിരണം: ടി പദ്ധതിക്കായി ഐ.സി.ഡി.എസ്/ സൂപ്പർവൈസറുടെ ശുപാർശ യോടുകൂടി നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കാവുന്നതാണ്.<br>4. സ്നേഹപൂർവ്വം: ടി പദ്ധതിക്ക് ആനുകൂല്യത്തിനായി ബന്ധപ്പെട്ട സ്കൂൾ അധികാരി മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>5. താലോലം/ക്യാൻസർ സുരക്ഷാ പദ്ധതി : ടി പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി ടി പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നിയമിക്കപ്പെട്ടിട്ടുള്ള കൗൺസിലറുമായി നേരിട്ട് ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത അപേക്ഷാഫോറം ഇല്ല. |

| | | | |
|---|---|---|---|
| | | | 6. സ്നേഹസ്പർശം : ടി പദ്ധതി ആനുകൂല്യത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഐ.സി.ഡി.എസ് സൂപ്പർവൈസ റുടെ ശുപാർശയോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കാവുന്നതാണ്.<br><br>7. സ്നേഹസാന്ത്വനം: ടി പദ്ധതിയാനുകൂല്യം കാസർഗോഡ് ജില്ലാകളക്ടർ അംഗീകരിച്ച് നൽകുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്കാണ് ലഭിക്കുന്നത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ/ശിശുവികസന പദ്ധതി ഓഫീസർ മുഖേന കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.<br>8. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ക്കുള്ള ധനസഹായം: ടി ആനുകൂല്യത്തിനായി ബന്ധപ്പെട്ട് സ്കൂൾ അധികാരി/ഐ.സി.ഡി.എസ് സൂപ്പർ വൈസർ മുഖേന അപേക്ഷിക്കാവുന്നതാണ്.<br>9. ശ്രുതിതരംഗം : ടി പദ്ധതിയാനുകൂല്യത്തിനായി നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ നേരിട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കാവുന്നതാണ്.<br>(അപേക്ഷാഫോറങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു)<br>**3.കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ**<br>ഓരോ പദ്ധതിയുടേയും ആനുകൂല്യം ലഭിക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഭൂരിഭാഗം അപേക്ഷകളും വെബ്സൈറ്റിലും ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | 4. **<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>**<br>വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വായ്പാ സൗകര്യം ലഭിക്കുന്നതിനായി കോർപ്പറേഷന്റെ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിലും അഭ്യസ്തവിദ്യരായ വനിതകളെ ജോലി നേടുവാൻ പ്രാപ്തരാക്കുന്ന റീച്ചിലേയ്ക്കുള്ള അപേക്ഷ കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ സ്ഥിതി ചെയ്യുന്ന റീച്ചിന്റെ ഓഫീസിലും നൽകാവുന്നതാണ് (അപേക്ഷയുടെ പകർപ്പ് അനുബന്ധം മൂന്നായിചേർക്കുന്നു) |
| (സി) | ഈ സർക്കാർ അധികാര മേറ്റശേഷം മേൽപ്പറഞ്ഞ ഓരോ പദ്ധതിയും നടപ്പാക്കുന്നതി നായി എത്ര തുക ചെലവഴിച്ചു എന്ന് പദ്ധതിയുടെ പേരും വർഷവും സഹിതം വ്യക്തമാക്കുമോ ? | (സി) | അനുബന്ധം നാലായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ